# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് നാല്പത്തിനാല്

## ഭൂമിയിൽനിന്നുള്ള മൃഗം

Tue ഈ ദൂതിൽ ഭൂമിയിൽനിന്നുള്ള മൃഗം എന്ന രണ്ടാമത്തെ മൃഗത്തിലേക്ക് നാം വരുന്നു (13:11-18).

## I. യൂദാ ഈസ്കര്യോത്താവ്

വെളിപ്പാട് 13:11 പറയുന്നു, "പിന്നെ ഭൂമിയിൽനിന്ന് മറ്റൊരു മൃഗം കയറിവരുന്നതു ഞാൻ കണ്ടു." ഈ മൃഗം കള്ളപ്രവാചകനാണ് (16:13; 19:20; 20:10). കരയായ ഭൂമി യിസ്രായേൽ രാഷ്ട്രത്തെ സൂചിപ്പിക്കുന്നതിനാൽ, കള്ളപ്രവാചകൻ എന്ന ഈ മൃഗം യെഹൂദരാഷ്ട്രത്തിൽനിന്നു വരും. കള്ളപ്രവാചകൻ യൂദാ ഈസ്കര്യോത്താവ് ആയിരിക്കുമെന്ന് പ്രവചനം പഠിക്കുന്നവരായ ചിലർ വിശ്വസിക്കുന്നു. ഈ കാഴ്ചപ്പാട് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറ്റുള്ളവരുടെ കാര്യത്തിലെന്നപോലെ "തന്റെ ജനത്തോടു ചേരുന്നതിനു" പകരം (ഉല്പ. 25:17; 35:29), പ്രവൃത്തികൾ 1:25 അനുസരിച്ച് യൂദാ തന്റെ മരണശേഷം "തന്റെ സ്വന്തം ഇടത്തേക്ക്" പോയി." ചരിത്രത്തിൽ നിരവധി വ്യാജവ്യക്തികൾ ഉണ്ടായിരുന്നുവെങ്കിലും യൂദായെപ്പോലെ സാത്താനെക്കൊണ്ടു നിറഞ്ഞിരുന്ന ആരും ഇല്ലായിരുന്നു. യേശു പറഞ്ഞു, "നിങ്ങൾ പന്ത്രണ്ടുപേരെ ഞാനല്ലയോ തിരഞ്ഞെടുത്തത്? എങ്കിലും നിങ്ങളിൽ ഒരുവൻ പിശാച് ആകുന്നു. അവൻ സംസാരിച്ചതാകട്ടെ, ശിമോൻ ഈസ്കര്യോത്താവിന്റെ മകൻ, യൂദായെപ്പറ്റി ആയിരുന്നു, പന്ത്രണ്ടുപേരിൽ ഒരുവനായ അവൻ, അവനെ ഒറ്റിക്കൊടുക്കാനുള്ളവൻ ആയിരുന്നു" (യോഹ. 6:70-71). കർത്താവായ യേശു യൂദായെ പിശാചെന്നു വിളിച്ചു എന്ന് നാം ഇവിടെ കാണുന്നു. യൂദാ പിശാചിനാൽ നിറഞ്ഞിരുന്നതുകൊണ്ട് അവൻ പിശാചിനോട് ഒന്നായിരുന്നു. യൂദായല്ലാതെ മറ്റാരും കള്ളപ്രവാചകന്റെ വിവരണത്തോട് ഒത്തുവരുന്നില്ല.

"തന്റെ സ്വന്തം ഇടത്തേക്ക്" യൂദാ പോയതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇനി നമുക്ക് ചിന്തിക്കാം. വേദപുസ്തകത്തിലെ

വിവരണമനുസരിച്ച്, ഏലീയാവ് ദൈവത്തിങ്കലേക്ക് എടുക്കപ്പെടുകയും, മോശെയുടെ ശരീരം ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി ദൈവത്താൽ കാക്കപ്പെടുകയും ചെയ്തു. അതുകൂടാതെ, നീറോയുടെ ആത്മാവ് അഗാധത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന് നാം കണ്ടു. യൂദായുടെ ആത്മാവിനെയും ഒരു പ്രത്യേക സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്നു എന്നതിന് സംശയമില്ല. നാം വെളിപ്പാട് പുസ്തകത്തിലേക്കു വരുമ്പോൾ മാത്രമേ, വേദപുസ്തകം എന്തുകൊണ്ടാണ് ഈ നാലു വ്യക്തികളുടെ ഈ പ്രത്യേക വിവരണം നമുക്കു നല്കുന്നതെന്ന് നാം കാണുന്നുള്ളൂ.

മഹോപദ്രവത്തിന്റെ സമയത്ത് ഭൂമിയിലായിരിക്കുന്ന കർത്താവിന്റെ ജനത്തിന് ബലപ്പെടുത്തൽ ആവശ്യമായിരിക്കും. ദൈവം ഇത് മുന്നറിഞ്ഞതുകൊണ്ട്, അവൻ മോശെയെയും ഏലീയാവിനെയും ആ സമയത്തുള്ള തന്റെ സാക്ഷ്യത്തിനുവേണ്ടി സൂക്ഷിച്ചു. ദൈവം നീറോയെയും യൂദായെയും സൂക്ഷിക്കുന്നു, എന്നാൽ മോശെക്കും ഏലീയാവിനും വിരുദ്ധമായി അവർ സന്തോഷകരമായ ഒരു ഇടത്തല്ല. ഒരുവൻ അഗാധത്തിലും മറ്റൊരുവൻ "അവന്റെ സ്വന്തം ഇടത്തും" ആണ്. ഈ സ്ഥലം എന്താണെന്ന് എനിക്കറിയില്ലെങ്കിലും, ഇത് സന്തോഷകരമായ ഇടമല്ലെന്ന് എനിക്ക് ഉറപ്പാണ്. അങ്ങനെ, രണ്ടുപേർ ദൈവത്തിന്റെ അനുലോമപരമായ ഉദ്ദേശ്യത്തിനുവേണ്ടി അവനാൽ സൂക്ഷിക്കപ്പെടുകയും, രണ്ടുപേർ അവന്റെ പ്രതിലോമപരമായ ഉദ്ദേശ്യത്തിനുവേണ്ടി സൂക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എതിർക്രിസ്തു എന്ന നിലയിൽ റോമാ സാമ്രാജ്യത്തിന്റെ അവസാനത്തെ കൈസർ പൂർണമായി സംരചിക്കപ്പെടുന്ന സമയംവരെ നീറോയുടെ ആത്മാവ് അഗാധത്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. കള്ളപ്രവാചകൻ എന്ന നിലയിൽ അവൻ പ്രത്യക്ഷപ്പെടുന്നതുവരെ യൂദായെ അവന്റെ സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്നു. മുഴുവൻ പ്രപഞ്ചവും സകല മനുഷ്യവർഗവും ദൈവത്തിന്റെ സർവാധികാരമുള്ള കരത്തിൻകീഴിലാണെന്ന് ഈ നാലുപേരെ ദൈവം തന്റെ സർവാധികാരത്താൽ സൂക്ഷിക്കുന്നതിലൂടെ നമുക്ക് കാണുവാൻ കഴിയും. യാതൊന്നും യാദൃശ്ചികമായി സംഭവിക്കുന്നില്ല. മറിച്ച്, സകലതും ദൈവത്തിന്റെ സർവാധികാരമുള്ള ക്രമീകരണമനുസരിച്ച് സംഭവിക്കുന്നു.

നൂറ്റാണ്ടുകൾക്കുമുമ്പ്, ദൈവം മോശെയെയും ഏലീയാവിനെയും ഒരുക്കിയിരുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, മോശെ ന്യായപ്രമാണത്തെയും ഏലീയാവ് പ്രവചകന്മാരെയും പ്രതിനിധീകരിക്കുന്നു. പുരാതനകാലത്തിൽ യെഹൂദന്മാർ പഴയനിയമത്തെ "ന്യായപ്രമാണവും പ്രവാചകന്മാരും" എന്നു പരാമർശിച്ചിരുന്നു. മോശെയും ഏലീയാവും രണ്ടു സാക്ഷികളായതുകൊണ്ട്, അവർ ദൈവത്താൽ മനഃപൂർവം

സൂക്ഷിക്കപ്പെട്ടിരുന്നു. ഒരു ദിവസം, സാത്താൻ ഭൂമിയിലേക്ക് എറിയപ്പെടുകയും ദൈവത്തിന്റെ ജനത്തെ ഉപദ്രവിക്കുവാൻ സാത്താന്യശക്തി പ്രയോഗിക്കുന്ന എതിർക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും ചെയ്തശേഷം, ദൈവം തന്റെ ജനത്തെ ശക്തിപ്പെടുത്തേണ്ടതിന് ഈ രണ്ടു സാക്ഷികളെ മടക്കി അയയ്ക്കും. ആ സമയം, അവൻ മുമ്പൊരിക്കൽ ചെയ്തതുപോലെ, സാത്താൻ യൂദായെ തനിക്കുവേണ്ടി പ്രവർത്തിക്കുവാൻ വിളിക്കും. എതിർക്രിസ്തുവായിത്തീരുവാൻ നീറോയുടെ ആത്മാവ് അഗാധത്തിൽനിന്നും പുറപ്പെടുന്നതുപോലെ, കള്ളപ്രവാചകനായി ത്തീരുവാൻ യൂദാ തന്റെ സ്വന്തം സ്ഥലത്തുനിന്നും പുറത്തുവരും. അതുകൊണ്ട്, മഹോപദ്രവകാലമായ മൂന്നര വർഷം മോശെ, ഏലീയാവ്, നീറോ, യൂദാ എന്നീ നാലു സവിശേഷ വ്യക്തികൾ ഭൂമിയിൽ ഉണ്ടായിരിക്കും. നാലുപേരും പരസ്പരം മുഖാമുഖം സന്ധിക്കുമായിരിക്കും. മോശെയും ഏലീയാവും യൂദായോട് എന്തു പറയുമെന്ന് ഞാൻ ആശ്ചര്യപ്പെടുന്നു. മോശെയും ഏലീയാവും എതിർക്രിസ്തുവിനും കള്ളപ്രവാചകനും എതിർസാക്ഷ്യമായിരിക്കും. ഈ നാലുപേരും അന്യോന്യം എതിരിടുമ്പോഴുള്ള സാഹചര്യം എന്തായിരിക്കുമെന്ന് സങ്കല്പിച്ചുനോക്കൂ!

## II. ഭൂമിയിൽനിന്ന് കയറിവരുന്നു

കള്ളപ്രവാചകൻ എന്ന മറ്റൊരു മൃഗം ഭൂമിയിൽനിന്ന് കയറിവരുമെന്ന് വെളിപ്പാട് 13:11 പറയുന്നു. ഭൂമിശാസ്ത്രപരമായി അവൻ ഭൂമിക്കു കീഴിൽനിന്ന് വരികയും, പ്രതീകാത്മകമായി അവൻ യിസ്രായേൽരാഷ്ട്രത്തിൽനിന്ന് വരികയും ചെയ്യും. കര യിസ്രായേൽരാഷ്ട്രത്തെ സൂചിപ്പിക്കുന്നുവെന്ന് നാം കണ്ടു. ഇക്കാരണത്താൽ കള്ളപ്രവാചകൻ തീർച്ചയായും യിസ്രായേൽ രാഷ്ട്രത്തിൽനിന്നു വരും. അവൻ യെഹൂദജനത്തിൽനിന്നുള്ള ഒരുവനായിരിക്കണം.

## III. അവന്റെ കപടത

ഭൂമിയിൽനിന്നു കയറിവരുന്ന മൃഗത്തിന് "കുഞ്ഞാടിനെപ്പോലെ രണ്ടു കൊമ്പുണ്ടായിരുന്നു" എന്നും "വ്യാളിയെപ്പോലെ സംസാരിച്ചു" എന്നും വെളിപ്പാട് 13:11 പറയുന്നു. കള്ളപ്രവാചകൻ കാഴ്ചയ്ക്ക് കുഞ്ഞാടിനെപ്പോലെയാണെങ്കിലും, വ്യാളിയെപ്പോലെയാണ് സംസാരിക്കുന്നത്. ഇത് അവന്റെ കപടതയെ ചൂണ്ടിക്കാണിക്കുന്നു. വേദപുസ്തകത്തിൽ കുഞ്ഞാട് ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ഒരു കുഞ്ഞാടിനുള്ളതുപോലെ കള്ളപ്രവാചകന് രണ്ടു കൊമ്പുണ്ടായിരിക്കും എന്ന വസ്തുത അവൻ ക്രിസ്തുവിനെപ്പോലെയാ യിരിക്കുവാൻ അഭിനയിക്കുമെന്ന് ചൂണ്ടിക്കാണിക്കുന്നു. എങ്കിലും, അവന്റെ സംസാരം സാത്താനെന്ന വ്യാളിയെപ്പോലെയായിരിക്കും.

അവൻ ക്രിസ്തുവിനെപ്പോലെയായിരിക്കുവാൻ അഭിനയിക്കുമെങ്കിലും, അവൻ ആവിഷ്കരിക്കുന്നത് സാത്താനെപ്പോലെയായിരിക്കും. അവൻ തികച്ചും വ്യാജനായിരിക്കും.

വാക്യം 13 പറയുന്നു, "അവൻ മനുഷ്യരുടെ മുമ്പിൽ ആകാശത്തുനിന്ന് ഭൂമിയിലേക്ക് തീ ഇറങ്ങുവാൻപോലും കഴിയത്തക്കവണ്ണം വലിയ അടയാളങ്ങൾ ചെയ്യുന്നു." വലിയ അടയാളങ്ങൾ പ്രവർത്തിക്കുന്നതിന് കള്ളപ്രവാചകൻ സാത്താന്യശക്തി വിനിയോഗിക്കും. ആകാശത്തുനിന്ന് തീ ഇറക്കുന്നതിൽ കള്ളപ്രവാചകൻ ഏലീയാവു ചെയ്ത അതേ കാര്യം ചെയ്യും. ആഹാബിന്റെ കാലത്ത് ഏലീയാവ് ആകാശത്തുനിന്ന് തീ ഇറക്കിയിരുന്നു (1 രാജാ. 18); മഹോപദ്രവത്തിന്റെ വരാനിരിക്കുന്ന മൂന്നര വർഷം അവൻ അത് വീണ്ടും ചെയ്യും. യൂദാ ഇതു കാണുമ്പോൾ, "ഏലീയാവിന് ഇതു ചെയ്യുവാൻ കഴിയുമെങ്കിൽ എനിക്കും കഴിയും" എന്നു പറയുമായിരിക്കും. കള്ളപ്രവാചകൻ വലിയ അടയാളങ്ങൾ ചെയ്യും എന്നതുകൊണ്ട് ജനത്തിന് ശരിയായ പ്രവാചകനെയും കള്ളപ്രവാചകനെയും തിരിച്ചറിയുവാൻ പ്രയാസമായിരിക്കും. കള്ളപ്രവാചകൻ ശരിയായ പ്രവാചകൻ ചെയ്യുന്ന അതേ കാര്യം ചെയ്യുവാൻ പ്രാപ്തനായിരിക്കും. വാഗ്ചാതുര്യത്തെ സംബന്ധിച്ചിടത്തോളം, യൂദായുടെ സംസാരം വ്യാളിയുടേതുപോലെയായിരിക്കും എന്നതുകൊണ്ട്, യൂദാ മോശെയെക്കാളോ ഏലീയാവിനെക്കാളോ ഒട്ടും വാഗ്ചാതുര്യം കുറഞ്ഞവനായിരിക്കുകയില്ല.

നാം പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നാം ഒരിക്കലും അടയാളങ്ങൾക്ക് ശ്രദ്ധ നല്കുകയില്ല. പുതിയനിയമ ധാരണ അനുസരിച്ച് നാം അടയാളങ്ങൾക്ക് ശ്രദ്ധ നല്കണമെന്ന് കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നില്ല. മറിച്ച്, നമ്മുടെ മുഴുവൻ ആളത്തവും ജീവന്റെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. അടയാളങ്ങളുടെ മാർഗത്തിൽ ഒരു പ്രസംഗകനോ ശുശ്രൂഷകനോ ചെയ്യുവാൻ കഴിയുന്നതിന് നാം ശ്രദ്ധ നൽകരുത്; അവന് എന്തു തരം ജീവനാണുള്ളതെന്ന് നാം പരിശോധിക്കണം. നാം പ്രയോഗിക്കുന്ന ശക്തിയല്ല, നാം ജീവിക്കുന്ന ജീവനാണ് കാര്യം. നിങ്ങൾ ജീവനെ മാത്രം കരുതുന്നുവെങ്കിൽ, നിങ്ങൾ ഒരിക്കലും വഞ്ചിക്കപ്പെടുകയില്ല. അടയാളങ്ങളെ സംബന്ധിച്ചിടത്തോളം, വ്യാജവും സത്യവും തമ്മിൽ തിരിച്ചറിയുവാൻ യാതൊരു മാർഗവുമില്ല, കാരണം ഏലീയാവും കള്ളപ്രവാചകനും ആകാശത്തുനിന്നും തീ ഇറക്കും. തിരിച്ചറിയുവാൻ കഴിയുന്ന ഏക മാർഗം ജീവനാൽ മാത്രമാണ്. ഏലീയാവും യൂദായും നിങ്ങളുടെ മുമ്പിൽ നിൽക്കുമെങ്കിൽ, അവരുടെ ആളത്തത്താൽത്തന്നെ ആരാണ് സത്യമെന്നും ആരാണ് വ്യാജമെന്നും നിങ്ങൾക്ക് നിഷ്പ്രയാസം തിരിച്ചറിയുവാൻ കഴിയും. ജനത്തിന്

മറ്റുള്ളവരെ അവരുടെ വാക്കുകളാൽ വഞ്ചിക്കാമെങ്കിലും, അവർ എന്തായിരിക്കുന്നു എന്നതിലൂടെ അവരെത്തന്നെ അവർ തുറന്നു കാണിക്കുകയാണ്. ജനത്തിന് എന്തു ചെയ്യുവാൻ കഴിയുമെന്നത് ശ്രദ്ധിക്കാതിരിക്കുക, അവർ എന്താകുന്നു എന്നു ശ്രദ്ധിക്കുക. ഇന്ന് മിക്ക ക്രിസ്ത്യാനികളും ജനം എന്തായിരിക്കുന്നു എന്നത് ശ്രദ്ധിക്കാതെ അവർക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നത് ശ്രദ്ധിക്കുന്നു. അവർ ശക്തിയെയും, അടയാളങ്ങളെയും, അത്ഭുതങ്ങളെയും ശ്രദ്ധിക്കുന്നു. എന്നാൽ അടയാളങ്ങൾ പ്രവർത്തിക്കുവാൻ അതിശയകരമായ ശക്തി പ്രയോഗിക്കുന്നവർക്ക് പരിതാപകരമായ ഒരു ജീവിതവും പെരുമാറ്റവുമായിരിക്കാം ഉണ്ടായിരിക്കുന്നത്. നമ്മുടെ പുറമെയുള്ള കാഴ്ചയെക്കുറിച്ച് നാം ഉൽകണ്ഠയുള്ളവരായിരിക്കണമെന്ന് ഞാൻ പറയുന്നില്ല. ഞാൻ പറയുന്നത് നാം എന്തായിരിക്കുന്നുവോ അതായിരിക്കണം എന്നാണ്. നമ്മുടെ ജീവിതത്തിൽ നാം എന്തായിരിക്കുന്നു എന്നത് നമ്മുടെ ജീവനിൽ നാം എന്തായിരിക്കുന്നു എന്നതിനെ പ്രകടമാക്കണം. നമുക്ക് എന്തു ചെയ്യുവാൻ കഴിയും എന്നതല്ല, നാം എന്തായിരിക്കുന്നു എന്നതാണ് നമ്മുടെ ഉള്ളിൽനിന്നും നാം ജീവിച്ചു വെളിപ്പെടുത്തുന്ന ജീവൻ ആവിഷ്കരിക്കുന്നത്.

അന്ത്യകാലത്ത് അടയാളങ്ങളും, ശക്തികളും, അത്ഭുതങ്ങളും വരും. മത്തായി 24:24-ൽ കർത്താവായ യേശു പറഞ്ഞു, "കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴി തെറ്റിക്കുവാൻ തക്കവണ്ണം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും." അധർമത്തിന്റെ മനുഷ്യനായ എതിർക്രിസ്തുവിന്റെ വരവ് "സാത്താന്റെ വ്യാപാരത്തിനൊത്തവണ്ണം സകല ശക്തിയിലും അടയാളങ്ങളിലും കളവിന്റെ അത്ഭുതങ്ങളിലും, നശിക്കുന്നവരുടെ ഇടയിൽ അനീതിയുടെ സകല വഞ്ചനയിലും ആകുന്നു" എന്ന് 2 തെസ്സലൊനീക്യർ 2:9-10-ൽ പൗലൊസ് പറഞ്ഞു. അടയാളങ്ങൾക്കും അത്ഭുതങ്ങൾക്കുമായി നോക്കാതിരിക്കുവാൻ നാം മുന്നറിയിപ്പ് ലഭിച്ചവരായിരിക്കണം. നിങ്ങൾ അത് നോക്കുന്നവരാണെങ്കിൽ, വഞ്ചിക്കപ്പെട്ടേക്കാം. അടയാളങ്ങൾ അന്വേഷിക്കുന്നതിനുപകരം, ജീവന്റെ മാർഗത്തിൽ നാം ക്രിസ്തുവിനായി കരുതണം. അത്ഭുതങ്ങൾ പ്രതീക്ഷിക്കരുത്, നിങ്ങളുടെ ശ്രദ്ധ ക്രിസ്തു തന്നെയായ ജീവനു നല്കുക. കള്ളപ്രവാചകനായ യൂദാ പ്രത്യക്ഷപ്പെടുമ്പോൾ, അവൻ പ്രവർത്തിക്കുന്ന അടയാളങ്ങളാൽ ജനത്തെ അവൻ വഞ്ചിക്കും.

## IV. സമുദ്രത്തിൽനിന്നു വരുന്ന മൃഗത്തിനുവേണ്ടി പ്രവർത്തിക്കുന്നു

കള്ളപ്രവാചകൻ തനിക്കുവേണ്ടിയല്ല, സമുദ്രത്തിൽനിന്നു കയറിവരുന്ന എതിർക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കും.

തനിക്കുവേണ്ടി സംസാരിക്കുന്ന ആരും ബഹുമാനിക്കപ്പെടുകയോ വിശ്വസിക്കപ്പെടുകയോ ചെയ്യുന്നില്ല. സ്വയം പുകഴ്ത്തുന്നതിനെക്കാൾ മറ്റുള്ളവരെ പുകഴ്ത്തുന്നതാണ് കൂടുതൽ എളുപ്പം. ഞാൻ എന്നെക്കുറിച്ച് ഉന്നതമായി സംസാരിക്കുന്നുവെങ്കിൽ, എന്നെ ആരും കേൾക്കുകയില്ല. യൂദാ പറയുന്നതും ചെയ്യുന്നതുമെല്ലാം ഒന്നാമത്തെ മൃഗത്തിനുവേണ്ടിയായിരിക്കും. എതിർക്രിസ്തുവിനോടുകൂടെ തീപ്പൊയ്കയിലേക്കുപോലും പോകുന്ന അളവിൽ അവൻ എന്തുകൊണ്ട് അവനെത്തന്നെ എതിർക്രിസ്തുവിനു വിൽക്കുന്നതെന്ന് മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നില്ല. ഇതിനു തക്കതായ എന്തെങ്കിലും കാരണമുണ്ടെന്നു തോന്നുന്നില്ല. സാത്താനോ എതിർക്രിസ്തുവോ യൂദായ്ക്ക് യാതൊന്നും വാഗ്ദാനം ചെയ്യുകയില്ല. പിന്നെ എന്തുകൊണ്ടാണ് അവനെത്തന്നെ പൂർണമായി വിൽക്കുവാൻതക്കവണ്ണം അവൻ ഇത്ര മൂഢനായിത്തീരുന്നത്? തുടക്കംമുതൽ യൂദാ സാത്താനാൽ പിടിക്കപ്പെടുകയും സാത്താന്റെ ദുഷ്പ്രേരണയിൻകീഴിലുള്ള ഒരു വ്യക്തിയായിത്തീരുകയും ചെയ്തു. സാത്താൻ കഴിഞ്ഞകാലത്ത് യൂദായെ നിയന്ത്രിച്ചിരുന്നതുപോലെ, ഒരിക്കൽകൂടെ അവൻ അവനെ നിയന്ത്രിക്കും. യൂദാ പൂർണമായി അവനെത്തന്നെ എതിർക്രിസ്തുവിന് വിൽക്കുവാനുള്ള കാരണം ഇതായിരിക്കാം.

നമ്മിലാരും യൂദായെ പോലെയല്ലെങ്കിലും, നമ്മുടെ സ്വാഭാവിക ആളത്തത്തിന്റെ ഒരു ഭാഗം ഒരു ചെറിയ അളവ് യൂദായുടെ തത്ത്വത്തിലാണ്. ഒന്നിനുംവേണ്ടിയല്ലാതെ നാമും നമ്മെത്തന്നെ സാത്താനു വിറ്റേക്കാം. നിങ്ങൾ ഇത് മനസ്സിലാക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ഇതു നിങ്ങൾ നിരവധി തവണ ചെയ്തിട്ടുണ്ട്. അടിക്കടി നാം കർത്താവിനെ ഒറ്റിക്കൊടുക്കുകയോ സഭാജീവിതത്തെ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട്. കർത്താവിന്റെ പ്രത്യുദ്ധാരത്തെ വിഘ്നപ്പെടുത്തിയ ചില കാര്യങ്ങൾ നാം ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങൾ നാം ചെയ്യുന്നതിന് കാരണങ്ങളൊന്നും ഉണ്ടായിരുന്നില്ല എന്നു തോന്നാം. ഈ രാജ്യത്തിലുണ്ടായിരുന്ന കഴിഞ്ഞ പതിന്നാലു വർഷം കർത്താവിന്റെ പ്രത്യുദ്ധാരത്തെ നശിപ്പിച്ചവരുടെ ചില സംഭവങ്ങൾ ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ പകരമായി അവർക്ക് യാതൊന്നും ലഭിച്ചില്ല. അവരുടെ പ്രവൃത്തികൾ സാത്താൻ അവരുടെ സ്വാഭാവിക ആളത്തത്തെ പിടിച്ചടക്കിയിരുന്നു എന്ന വസ്തുതയുടെ ഫലമായിരുന്നു. സാത്താൻ നമ്മുടെ സ്വാഭാവിക ആളത്തത്തിലേക്കു കടക്കുകയും അതിലെ ചില ഭാഗങ്ങൾ സ്വന്തമാക്കുകയും ചെയ്യുമ്പോൾ ഒന്നിനും വേണ്ടിയല്ലാതെ നാം നമ്മെത്തന്നെ വിൽക്കുന്നു. ഇതാണ് യൂദായുടെ തത്ത്വവും കള്ളപ്രവാചകന്റെ തത്ത്വവും.

**സാത്താൻ തന്റെ ശക്തി കള്ളപ്രവാചകനു നല്കുമെന്നു മാത്രമല്ല, എതിർക്രിസ്തു അവനിൽ പൂർണ വിശ്വാസം അർപ്പിക്കുകയും**

ചെയ്യും. തന്മൂലം, സാത്താന്റെ ദേഹരൂപമായ എതിർക്രിസ്തുവിനെ പ്രതിനിധീകരിക്കുവാൻ കള്ളപ്രവാചകനെ അധികാരപ്പെടുത്തും. സാത്താൻ എതിർക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും, എതിർക്രിസ്തു കള്ളപ്രവാചകനാൽ പ്രതിനിധീകരിക്കപ്പെടുകയും ചെയ്യും. ഇതുനിമിത്തം, ചില വേദപുസ്തക പഠിതാക്കൾ സാത്താനെയും എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും സാത്താന്യ ത്രിത്വമെന്നു വിളിക്കുന്നു. ഈ രീതിയിൽ *ത്രിത്വം* എന്ന പദം ഉപയോഗിച്ചു കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നിരുന്നാലും, സാത്താനും എതിർക്രിസ്തുവും കള്ളപ്രവാചകനും തീർച്ചയായും ഒന്നായിത്തീരും. ഈ ഐക്യംനിമിത്തം താൻ ആഗ്രഹിക്കുന്ന എന്തും ചെയ്യുവാൻ കള്ളപ്രവാചകൻ അധികാരമുള്ളവനായിരിക്കും.

## A. ഒന്നാമത്തെ മൃഗത്തിന്റെ അധികാരം പ്രയോഗിക്കുന്നു

കള്ളപ്രവാചകനെക്കുറിച്ച് "അവൻ ഒന്നാമത്തെ മൃഗത്തിന്റെ സകല അധികാരവും അവന്റെ ദൃഷ്ടിയിൽ പ്രയോഗിക്കുന്നു," എന്ന് വെളിപ്പാട് 13:12 പറയുന്നു. കള്ളപ്രവാചകൻ എതിർക്രിസ്തുവിന്റെ ശക്തി മാത്രമല്ല എതിർക്രിസ്തുവിന്റെ അധികാരവും പ്രയോഗിക്കും.

## B. ഭൂമിയെയും അതിൽ വസിക്കുന്നവരെയും ഒന്നാം മൃഗത്തെ ആരാധിക്കുമാറാക്കുന്നു

"അവൻ ഭൂമിയെയും അതിൽ വസിക്കുന്നവരെയും, മരണപ്രഹരം സൗഖ്യമായ, ഒന്നാമത്തെ മൃഗത്തെ ആരാധിക്കുവാൻ ഇടയാക്കുന്നു" എന്നും വാക്യം 12 പറയുന്നു. മുഴുവൻ ഭൂമിയെയും ഭൂമിയിൽ വസിക്കുന്നവരെയും കള്ളപ്രവാചകൻ എതിർക്രിസ്തുവിനെ ആരാധിക്കുമാറാക്കും. അവന്റെ ശുശ്രൂഷ ഭൂമിയിലുള്ള എല്ലാവരും എതിർക്രിസ്തുവിനെ ആരാധിക്കണം എന്ന വാക്ക് പരത്തുന്നതായിരിക്കും. അവൻ ധാരാളം പ്രസംഗിക്കും. വാക്ചാതുര്യമുള്ളതും ശക്തവുമായ ഈ പ്രസംഗത്തിലൂടെ എതിർക്രിസ്തുവിനെ ആരാധിക്കുവാൻ അവൻ ജനത്തെ വിശ്വസിപ്പിക്കും.

## C. ഒന്നാം മൃഗത്തിന് പ്രതിമ ഉണ്ടാക്കേണ്ടതിന് ഭൂവാസികളെ വഞ്ചിക്കുന്നു

വാക്യം 14 പറയുന്നു, "അവന് മൃഗത്തിനു മുമ്പാകെ ചെയ്യുവാൻ നൽകപ്പെട്ട അടയാളങ്ങൾ നിമിത്തം, ഭൂമിയിൽ വസിക്കുന്നവരോട്, വാളിന്റെ പ്രഹരമേറ്റ് ജീവിച്ച മൃഗത്തിന് പ്രതിമ ഉണ്ടാക്കുവാൻ ആജ്ഞാപിച്ചുകൊണ്ട് അവരെ വഞ്ചിക്കുന്നു." മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കി അവനെ ആരാധിക്കുവാൻ സമ്മതിക്കുന്ന അളവോളം അവൻ ജനത്തെ വഞ്ചിക്കും.

എതിർക്രിസ്തു സകല ലോകശക്തികളുടെയും സവിശേഷതകളുടെ ആകത്തുകയായിരിക്കുമെന്ന് നാം കണ്ടു. നൂറ്റാണ്ടുകളിലുടനീളം, തങ്ങളുടെ വീരപുരുഷന്മാരുടെ പ്രതിമകൾ സ്ഥാപിക്കുന്നത് ജനം ഇഷ്ടപ്പെട്ടിരുന്നു. ഇന്നും ചില വീരപുരുഷന്മാരുടെ പ്രതിമകൾ ജനം ഉണ്ടാക്കുന്നു. ഇതെല്ലാം കള്ളപ്രവാചകൻ എതിർക്രിസ്തുവിനുവേണ്ടി ചെയ്യുവാൻപോകുന്നതിന് മുൻനിഴലാണ്. കള്ളപ്രവാചകൻ എതിർക്രിസ്തുവിന്റെ പ്രതിമയെ ഒരു വിഗ്രഹമായി സ്ഥാപിക്കും. ഇന്ന് നിരവധി സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പ്രതിമകൾ വിഗ്രഹങ്ങളല്ലെന്നും ജനം അതിനെ ആരാധിക്കേണ്ടതില്ലെന്നും അനേകർ വാദിക്കുന്നു. ഇത് ശരിയായിരിക്കാമെങ്കിലും, തത്ത്വത്തിൽ ഒരു വീരപുരുഷനെ ആരാധിക്കുന്നത് ഒരു വിഗ്രഹത്തെ ആരാധിക്കുന്നതാണ്. ക്രിസ്ത്യാനികളായ നാം ഒരു പ്രതിമയുടെ മുമ്പിൽ നിൽക്കാതിരിക്കുവാനും അതിന് ബഹുമാനം കൊടുക്കാതിരിക്കുവാനും ശ്രദ്ധയുള്ളവരായിരിക്കണം. തത്ത്വത്തിൽ, ഇത് ഒരു വിഗ്രഹത്തെ ആരാധിക്കുന്നതാണ്. ഒരു പ്രതിമയുടെയും മുമ്പിൽ നാം നിൽക്കരുത്; നമ്മുടെ കർത്താവിന്റെ മുമ്പിൽ മാത്രമേ നാം നിൽക്കാവൂ. ഒരിക്കലും ഒരു പ്രതിമ ഉണ്ടാക്കരുതെന്ന് പത്തു കല്പനകളിൽ ദൈവം നമ്മോടു കല്പിച്ചിട്ടുണ്ട്. നിങ്ങൾ ഒരു പ്രതിമ ഉണ്ടാക്കുന്നുവെങ്കിൽ, അങ്ങനെ ചെയ്യുന്നതിലുള്ള നിങ്ങളുടെ ഉദ്ദേശ്യം എന്തുതന്നെ ആയാലും, ഒന്നുകിൽ ഇപ്പോഴത്തെ തലമുറ അല്ലെങ്കിൽ ഭാവി തലമുറ, ഒടുവിൽ അതിനെ ആരാധിക്കും. ഒരു വീരപുരുഷനു വേണ്ടിയുള്ള ആഗ്രഹം എതിർക്രിസ്തുവിൽ പരിണമിക്കുകയും, കള്ളപ്രവാചകൻ അവരുടെ വീരപുരുഷനെ ആരാധിക്കുവാൻ ജനത്തെ വിശ്വസിപ്പിക്കുകയും ചെയ്യും. കഴിഞ്ഞുപോയ തലമുറകളിലെ സകല വീരപുരുഷന്മാരെയും കടത്തിവെട്ടിക്കൊണ്ട് എതിർക്രിസ്തു വീരപുരുഷന്മാരുടെ വീരപുരുഷനായിരിക്കും എന്നതിനു സംശയമില്ല. ഈ ദൂത് പ്രസിദ്ധീകരിക്കുകയും വിതരണംചെയ്യുകയും ചെയ്യുന്നതിലൂടെ നിരവധി ക്രിസ്ത്യാനികൾ ഇതിനുവേണ്ടി ഒരുക്കമുള്ളവരായിരിക്കും. എതിർക്രിസ്തുവിന്റെ പ്രതിമ സ്ഥാപിക്കുന്ന ആ ദിവസം വരുമ്പോൾ, അവർ അതിൽനിന്നും മാറിനിൽക്കുവാൻ പ്രാപ്തരായിരിക്കും.

വെളിപ്പാട് 13:15 പറയുന്നു, "മൃഗത്തിന്റെ പ്രതിമ സംസാരിക്കുവാൻപോലും ഇടയാക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ ആരാധിക്കാത്തവരെയൊക്കെയും കൊല്ലേണ്ടതിനും, മൃഗത്തിന്റെ പ്രതിമയ്ക്ക് ശ്വാസം നൽകുവാൻ അവന് ശക്തി നൽകി." ബിംബത്തിന് ജീവശ്വാസം നല്കുവാൻ കള്ളപ്രവാചകൻ വാസ്തവത്തിൽ പ്രാപ്തനായിരിക്കുമെന്ന് ഇവിടെ നാം കാണുന്നു. അങ്ങനെ ബിംബം ജീവിപ്പിക്കപ്പെടും. മനുഷ്യനാൽ ഉണ്ടാക്കപ്പെട്ട യാതൊരു ബിംബവും സംസാരിക്കുവാൻ പ്രാപ്തിയുള്ളതായിരുന്നില്ല

(സങ്കീ. 115:5), എന്നാൽ ഈ അവസാനത്തെ ബിംബം ഒരു ജീവനുള്ള പ്രതിമയെപ്പോലെ സംസാരിക്കുവാൻ പ്രാപ്തമായിരിക്കും. എതിർക്രിസ്തുവിന്റെ പ്രതിമയെ സകല ഭൂവാസികളും ആരാധിക്കുവാൻ ഇടയാക്കിക്കൊണ്ട്, ഇത് തീർച്ചയായും അവർക്ക് ആശ്ചര്യകരമായ ഒരു അടയാളമായിരിക്കും. ഇന്നത്തെ ശാസ്ത്ര ജ്ഞന്മാർക്ക് നിരവധി കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെങ്കിലും, അവരുണ്ടാക്കുന്ന യാതൊന്നിനും ശ്വാസം നല്കുവാൻ അവർക്ക് കഴിയുകയില്ല. എന്നാൽ യൂദാസ്സ് ഇതു ചെയ്യുവാൻ കഴിയുന്ന ഒരു ദിവസം വരുന്നു. ദൈവാലയത്തിൽ ഒരു ബിംബം സ്ഥാപിക്കപ്പെടും. ഈ ബിംബം സംസാരിക്കുകയും, അതിനെ ആരാധിക്കാത്തവൻ കൊല്ലപ്പെടണമെന്ന് കല്പിക്കുകയും ചെയ്യും. ഈ പൈശാചികമായ അത്ഭുതത്താൽ ഒരുവൻ വഞ്ചിക്കപ്പെടാതിരിക്കുന്നത് എത്ര പ്രയാസകരമായിരിക്കും! എതിർക്രിസ്തുവിനെയോ അവന്റെ പ്രതിമയെയോ ആരാധിക്കുന്നതിൽനിന്നും കാക്കുവാൻ ആർക്കു കഴിയും? 13:8 അനുസരിച്ച്, "ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത എല്ലാ ഭൂവാസികളും അവനെ ആരാധിക്കും." കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടുള്ളവർ മാത്രമേ എതിർക്രിസ്തുവിനെയും അവന്റെ പ്രതിമയെയും ആരാധിക്കാതിരിക്കുകയുള്ളൂ. അവരുടെ ജീവന്റെ വില നല്കിക്കൊണ്ടുപോലും അവർ അവനെ ആരാധിക്കുവാൻ നിരസിക്കും. തൽഫലമായി, അനേകംപേർ രക്തസാക്ഷികളാകും.

നിങ്ങൾ ഒരു ആദ്യഫലമല്ലാതിരിക്കുകയും മഹോപദ്രവത്തിന്റെ സമയത്ത് ഭൂമിയിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ എതിർക്രിസ്തുവിനാൽ രക്തസാക്ഷിയാകാം. എന്നാൽ ആ രക്തസാക്ഷിത്വം പെട്ടെന്ന് നിങ്ങളെ ഒരു ജയാളിയാക്കും. മഹോപദ്രവത്തിന്റെ സമയത്ത് രക്തസാക്ഷികളായവർ വൈകിപ്പോയ ജയാളികളാണെങ്കിലും, അവർ വളരെ പെട്ടെന്ന് ജയാളികളായിത്തീരും.

ഒരു ജയാളിയായിത്തീരുന്നതിന് സഹോദരൻ വാച്ച്മാൻ നീ അമ്പതു വർഷത്തിലധികം ചിലവഴിച്ചു. എതിർപ്പും വിമർശനവും കിംവദന്തികളും മൂലം ക്രിസ്തുമതത്തിൽനിന്നും മുപ്പതു വർഷത്തിലധികം അദ്ദേഹം ഉപദ്രവങ്ങൾ സഹിച്ചു. ഏതാണ്ട് എല്ലാ മിഷണറിമാരും, പ്രത്യേകിച്ചും ചൈനാ ഇൻലാൻഡ് മിഷൻ അദ്ദേഹത്തെ എതിർത്തു. ക്രിസ്തുമതത്തിൽനിന്നുള്ള എതിർപ്പിന്റെ ആ വർഷങ്ങൾക്കുശേഷം മറ്റൊരു ഇരുപതു വർഷം അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു. ഒരു ജയാളിയായിത്തീരുവാൻ അമ്പതു വർഷം സഹോദരൻ നീ ചിലവഴിച്ചെങ്കിലും, മഹോപദ്രവത്തിന്റെ സമയത്ത് ശേഷിക്കുന്നവർക്ക് നാല്പത്തിരണ്ടു മാസങ്ങളിലധികം ചിലവഴിക്കേണ്ടിവരികയില്ല. മഹോപദ്രവത്തിലൂടെ കടന്നുപോകുവാൻ ഉപേക്ഷിക്കപ്പെടുന്നത് സന്തോഷപ്രദമല്ലെങ്കിലും അത് ഇന്നു

മരിക്കുന്നതിനെക്കാൾ വളരെയേറെ നല്ലതാണ്. ഇന്നു നിങ്ങൾ മരിക്കുന്നുവെങ്കിൽ ഒരു ജയാളിയായിരിക്കുവാനുള്ള അവസരം നിങ്ങൾ നഷ്ടമാക്കും. നേരത്തേയുള്ള ജയാളികളോ വൈകിപ്പോയ ജയാളികളോ ആയിത്തീരുവാനുള്ള അവസരം നമുക്കുള്ളതിനായി കർത്താവിനെ സ്തുതിക്കാം. ഒരു ജയാളിയാകുവാൻ, കർത്താവിനെ ഞാൻ കാണുന്നതുവരെ ജീവനോടെ ശേഷിക്കുവാൻ ഞാൻ തീർച്ചയായും ആഗ്രഹിക്കുന്നു. എന്നാൽ ഇന്നു നമുക്ക് ജയാളികളായിരിക്കുവാൻ കഴിയുന്നില്ലെങ്കിൽ, മരിച്ചുപോകുന്നതിനുപകരം മഹോപദ്രവത്തിൽ ഉപേക്ഷിക്കപ്പെടുന്നത് നാം തിരഞ്ഞെടുക്കണം, കാരണം അപ്പോൾ വൈകിപ്പോയ, പെട്ടെന്നുള്ള ജയാളികളായിരിക്കുവാനുള്ള അവസരം നമുക്കുണ്ടായിരിക്കും. ഇപ്പോൾ നിങ്ങൾ ഒരു ജയാളിയാകുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, പിന്നീട് ഒരു ജയാളിയായിരിക്കുവാൻ നിങ്ങൾ നിർബന്ധിതരാകും. നിങ്ങൾക്ക് താൽപര്യമില്ലെന്നു നിങ്ങൾ പറഞ്ഞാലും, നിങ്ങളെ താൽപര്യമുള്ളവനാക്കുവാൻ കർത്താവിന് ഒരു വഴിയുണ്ട്. എതിർക്രിസ്തു വരികയും, കള്ളപ്രവാചകൻ പ്രസംഗിക്കുകയും, സംസാരിക്കുവാൻ പ്രാപ്തിയുള്ള ഒരു പ്രതിമ സ്ഥാപിക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ തിരിച്ചു പ്രസംഗിക്കണം. എന്നാൽ എതിർക്രിസ്തുവിനെതിരെ പ്രസംഗിച്ചതിനുശേഷം നിങ്ങൾ രക്തസാക്ഷിയാകും.

ഈ ദൂതുകൾ നിങ്ങളെ നേരത്തേയുള്ള ഒരു ജയാളിയാകുവാൻ സഹായിക്കുന്നില്ലെങ്കിൽ, വൈകിപ്പോയ ഒരു ജയാളിയായിരിക്കുവാൻ അവ നിങ്ങളെ ഒരുക്കുമെന്ന് എനിക്കുറപ്പുണ്ട്. കർത്താവ് ഇപ്പോൾ ഈ ദൂതുകൾ വിടുവിച്ചുകൊണ്ടിരിക്കുന്നു. നാല്പതു വർഷത്തിലധികമായി പ്രവചനത്തിന്റെ ഈ വിഷയം ഞാൻ തൊട്ടിട്ടില്ല. 1930-കളുടെ തുടക്കത്തിനുശേഷം ഇതാദ്യമായാണ് പ്രവചനത്തെ ജീവന്റെ മാർഗത്തിൽ ഞാൻ കൈകാര്യംചെയ്യുന്നത്. താമസംവിനാ എതിർക്രിസ്തു വരികയും കള്ളപ്രവാചകൻ പ്രത്യക്ഷപ്പെടുകയും ചെയ്യും. ഇത് ദൈവജനത്തിനുള്ള ഒരു സമയോചിതമായ വാക്കാണ്. ഈ വാക്ക് അവരെ ഒന്നുകിൽ നേരത്തേയുള്ള ജയാളികളാകുവാൻ പ്രേരിപ്പിക്കുകയോ, അല്ലെങ്കിൽ അത് അവരെ വൈകിപ്പോയ ജയാളികളാകുവാൻ ബലപ്പെടുത്തുകയോ ചെയ്യും. കർത്താവിന് ഒരു വഴിയുണ്ട്, അവൻ വിജയം നേടുകതന്നെ ചെയ്യും. ഹല്ലേലൂയ്യാ, നമ്മുടെ പേരുകൾ ജീവപുസ്തകത്തിൽ എഴുതിയിട്ടുണ്ട്! ഇതാണ് നമ്മുടെ മുൻനിയമനം.

## D. സകല ജനവും അടയാളം വഹിക്കുവാൻ ഇടയാക്കുന്നു

**കള്ളപ്രവാചകൻ എല്ലാവർക്കും "വലംകൈമേലോ നെറ്റിമേലോ അടയാളം നൽകുവാൻ ഇടയാക്കും" (13:16). പുരുഷന്മാർക്ക് നെറ്റിമേലും**

സ്ത്രീകൾക്ക് വലംകൈമേലും അടയാളം നൽകുമായിരിക്കും. ഈ അടയാളം അവർ കള്ളപ്രവാചകന്റെ അധികാരിയായ എതിർക്രിസ്തുവിനുള്ളവരാണെന്ന് സൂചിപ്പിക്കും. അടയാളമില്ലാത്തിടത്തോളം ജനത്തിന് വാങ്ങുവാനോ വിൽക്കുവാനോ കഴിയുകയില്ല (13:17). ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, മൃഗത്തിന്റെ പേര് കൈസർ നീറോ എന്നായിരിക്കും, അവന്റെ പേരിന്റെ സംഖ്യ അറുനൂറ്ററുപത്താറ് ആണ്.

രണ്ടു മൃഗങ്ങൾ വരാൻപോകുന്നു എന്നു നാം കണ്ടു— ഒന്നാമത്ത മൃഗം സമുദ്രത്തിൽനിന്നും, അതായത് ജാതീയ ലോകത്തിൽനിന്നും, രണ്ടാമത്തെ മൃഗം കരയിൽനിന്നും, അതായത് യിസ്രായേൽരാഷ്ട്രത്തിൽനിന്നും ആയിരിക്കും. ഈ രണ്ടു മൃഗങ്ങളെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും ഓർത്തിരിക്കേണ്ട ആവശ്യമില്ല. സമയം വരുമ്പോൾ ഈ ദൂതുകൾ നിങ്ങളുടെമേൽ ഉണ്ടാക്കിയ മതിപ്പ് നിങ്ങൾ ഓർക്കും. തീർച്ചയായും ഈ വാക്കുകൾ വിടുവിക്കുക എന്നത് കർത്താവിന്റെ ഉദ്ദേശ്യമാണ്. മൃഗത്തെയും കള്ളപ്രവാചകനെയും സംബന്ധിച്ചിടത്തോളം, നമ്മുടെമേൽ യാതൊരു മതിപ്പും ഉണ്ടാക്കിയിട്ടില്ലെന്ന് പറയുവാൻ നമുക്ക് കഴിയുകയില്ല. മറിച്ച്, നമ്മിൽ ആഴമായി പതിയപ്പെട്ട ഈ മതിപ്പ് എടുത്തുകളയുവാൻ കഴിയുകയില്ല. നാം ആരാണെന്നും, നാം എവിടെയാണെന്നും, നാം എന്തു ചെയ്യുകയാണെന്നും, നാം എവിടെക്കാണ് പോകുന്നതെന്നും നമുക്കറിയാം. എന്താണു വരുന്നതെന്നും നമുക്കറിയാം എന്നതിനായി കർത്താവിനെ സ്തുതിക്കുന്നു. ഹല്ലേലൂയ്യാ, നാം പ്രകാശിപ്പിക്കപ്പെടുകയും മതിപ്പ് ഉള്ളവരായിരിക്കുകയും ചെയ്തിരിക്കുന്നു.